**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6072** **17-03-2023 - ൽ മറുപടിയ്ക്ക്**

**എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുന്നതിനുള്ള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സ്ക്വാഡുകളുടെ എണ്ണം 100 -ൽ നിന്നും 45 ആയി വെട്ടിച്ചുരുക്കി എന്നത് വസ്തുതയാണോ; | (എ) | അല്ല. സംസ്ഥാനത്തെ ജി.എസ്.ടി വകുപ്പിന്റെ പുന:സംഘടന നടപ്പിലാക്കിയപ്പോൾ മൊത്തം സ്ക്വാഡുകളുടെ എണ്ണം 88 ആക്കുകയും അതിൽ 41 എണ്ണം ഇന്റലിജൻസ് വിഭാഗമായും 47 എണ്ണം എൻഫോഴ്സ്മെന്റ് വിഭാഗമായും പ്രവർത്തിച്ചുവരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത സ്ക്വാഡുകളുടെ എണ്ണം കുറയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | ജി.എസ്.ടി നിലവിൽ വന്നതോടുകൂടി ഇന്ത്യയിൽ ഉടനീളം നികുതിനിരക്ക് ഏകീകരിക്കപ്പെട്ടതിനാൽ അന്തർ സംസ്ഥാന കള്ളക്കടത്തിനുള്ള സാധ്യത വിരളമാണ്. അതിർത്തികൾ കേന്ദ്രീകരിച്ചുള്ള വാഹന പരിശോധനക്ക് ഉപരി ആധുനിക രീതിയിലുള്ള ഇന്റലിജൻസ് പരിശോധനക്ക് പ്രാധാന്യം നൽകുന്നതിലേക്കായി ഇന്റലിജൻസ് വിഭാഗത്തിനെ ശക്തിപ്പെടുത്തിയതിനാൽ സ്ക്വാഡുകളുടെ എണ്ണത്തിൽ നാമമാത്രമായ കുറവ് കാര്യക്ഷമതയെ ബാധിക്കുന്നില്ല. |
| (സി) | എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | **ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ